**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 438** **02-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയും പൊതുകടവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കേന്ദ്ര സർക്കാർ കുറവ് വരുത്തിയിട്ടുണ്ടോ; 2017 -ന് മുൻപുള്ള സ്ഥിതിയിലേക്ക് കടമെടുപ്പ് പരിധി പുന:സ്ഥാപിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) | മഹാ പ്രളയമടക്കം പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികളിൽ നിന്നും സംസ്ഥാനം കരകയറി വരുന്നതേയുള്ളു. പ്രതിസന്ധിയുടെ കാലഘട്ടത്തിൽ കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ച നൽകിയിരുന്ന കടമെടുപ്പ് പരിധിയായ 5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടു വരികയും ചെയ്യുന്നത് സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. ഇതിനു പുറമേ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന തെറ്റായ നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി തെറ്റായി കണക്കാക്കി 2021-22 സാമ്പത്തിക വർഷം എടുത്ത തുക നാലു തവണകളായി 2022-23 മുതൽഓരോ വർഷവുംസംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നും കുറയ്ക്കുന്നതാണെന്ന നിലപാട്കേന്ദ്രസർക്കാർ ഇതിനകം തന്നെ കൈക്കൊണ്ടിട്ടുണ്ട്. ഈ നിലപാടിൽ മാറ്റം വരുത്തണമെന്നും ഭരണഘടനയുടെ ആർട്ടിക്കിൾ 293(3),293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്ന പോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നും 22.07.2022-ലെ 134/2022/ |

| | | | |
|---|---|---|---|
| | | | എം.ധന കത്ത് പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിയോട് അഭ്യർത്ഥിക്കുകയും ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു മുഖ്യമന്ത്രി 19-01-2023 ലെ 133/CM/2023 കത്ത് പ്രകാരം ഒരു നിവേദനവും ബഹു. പ്രധാനമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിലപാടിൽ കേന്ദ്ര സർക്കാർ ഒരു മാറ്റവും വരുത്തിയിട്ടില്ല.<br><br>ധനകാര്യ കമ്മീഷൻ നിശ്ചയിച്ച നൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ ബജറ്റ് പാസാക്കിയതിന്ശേഷം പിന്നീട് കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസനമുൻഗണനകളെ താളം തെറ്റിക്കുകയും നടന്നു കൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽകാലതാമസം ഉണ്ടാകുന്നതിന് ഇടവരുത്തുകയും ചെയ്യും |
| (ബി) | പൊതു കണക്കിൽ നീക്കിയിരിപ്പായി വരുന്ന തുക പൊതു കടത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള തീരുമാനം ഉണ്ടായിട്ടുണ്ടോ; ഇതുവഴി സംസ്ഥാന പൊതുമേഖലാ കമ്പനികൾ, കോർപ്പറേഷൻ, പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ എന്നിവയുടെ വായ്പ പൊതു കടത്തിൽ ഉൾപ്പെടുന്നുണ്ടോ; ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രവർത്തനത്തെ ഏതെല്ലാം തരത്തിൽ ബാധിക്കും; വിശദാംശം നൽകാമോ? | (ബി) | മഹാ പ്രളയമടക്കം പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികളിൽ നിന്നും സംസ്ഥാനം കരകയറി വരുന്നതേയുള്ളൂ. പ്രതിസന്ധിയുടെ കാലഘട്ടത്തിൽ കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ച നൽകിയിരുന്ന കടമെടുപ്പ് പരിധിയായ 5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടു വരികയും ചെയ്യുന്നത് സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. ഇതിനു പുറമേ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന തെറ്റായ നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി തെറ്റായി കണക്കാക്കി 2021-22 സാമ്പത്തിക വർഷം എടുത്ത തുക നാലു തവണകളായി 2022-23 മുതൽഓരോ വർഷവുംസംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നും കുറയ്ക്കുന്നതാണെന്ന നിലപാട്കേന്ദ്രസർക്കാർ ഇതിനകം തന്നെ കൈക്കൊണ്ടിട്ടുണ്ട്. ഈ നിലപാടിൽ മാറ്റം വരുത്തണമെന്നും ഭരണഘടനയുടെ ആർട്ടിക്കിൾ 293(3),293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ് |

| | | | |
|---|---|---|---|
| | | | നിലനിന്നിരുന്ന പോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നും 22.07.2022-ലെ 134/2022/ എം.ധന കത്ത് പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിയോട് അഭ്യർത്ഥിക്കുകയും ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു മുഖ്യമന്ത്രി 19-01-2023 ലെ 133/CM/2023 കത്ത് പ്രകാരം ഒരു നിവേദനവും ബഹു. പ്രധാനമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിലപാടിൽ കേന്ദ്ര സർക്കാർ ഒരു മാറ്റവും വരുത്തിയിട്ടില്ല.<br><br>ധനകാര്യ കമ്മീഷൻ നിശ്ചയിച്ചു നൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ ബജറ്റ് പാസാക്കിയതിന്ശേഷം പിന്നീട് കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസനമുൻഗണനകളെ താളം തെറ്റിക്കുകയും നടന്നു കൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽകാലതാമസം ഉണ്ടാക്കുന്നതിന് ഇടവരുത്തുകയും ചെയ്യും |

സെക്ഷൻ ഓഫീസർ